


# കോവിഡ് പ്രതിരോധത്തിനായി 'ഒരു കുഞ്ഞുപരീക്ഷ'

കോവിഡ് പ്രതിരോധത്തിനായി പാലിക്കേണ്ട പ്രോട്ടോക്കോളിനെക്കുറിച്ചുള്ള വിശദാംശങ്ങൾ പരമാവധി പേരിലേക്ക് എത്തിക്കുന്നതിനായി കുടുംബശ്രീ നിരവധി വഴികളിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി കുട്ടികളിലൂടെ കുടുംബങ്ങളിലേക്കും സമൂഹത്തിലേക്കും ബോധവത്ക്കരണ പാഠങ്ങൾ എത്തിക്കാനായി "ഒരു കുഞ്ഞുപരീക്ഷ"യെന്ന ആശയം ഞങ്ങളുടെ ടീം ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്.

കുട്ടികളുടെ അയൽക്കൂട്ടങ്ങളായ 32,267 ബാലസഭകൾ ഇപ്പോൾ കേരളത്തിലുണ്ട്. ഈ ബാലസഭയിലെ അംഗങ്ങൾക്കും അല്ലാത്തവർക്കുമെല്ലാം ഓൺലൈനായി സംഘടിപ്പിക്കുന്ന ഈ പരീക്ഷകളുടെ ഭാഗമാകാനാകും. നാല് പരീക്ഷകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. മോഡൽ പരീക്ഷ, കാൽക്കൊല്ല പരീക്ഷ, അരക്കൊല്ല പരീക്ഷ, കൊല്ല പരീക്ഷ എന്നിങ്ങനെ ഈ നാല് പരീക്ഷകളും ഓൺലൈനായി നടത്താനും പരീക്ഷയുടെ ചോദ്യങ്ങളിലൂടെയും ഉത്തരങ്ങളിലൂടെയും കോവിഡിനെതിരേ പ്രതിരോധം തീർക്കാനുള്ള ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

വീട്ടുകളിലിരിക്കുമ്പോഴും വീടിന് പുറത്തു പോകുമ്പോഴും കോവിഡുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മു® കരുതലുകളും, കോവിഡിനെക്കുറിച്ച് അറിയേണ്ട മറ്റുകാര്യങ്ങളുമാകും ചോദ്യ രൂപത്തി® പരീക്ഷക

ളുടെ ഭാഗമായി ഉണ്ടാകുക. നാല് പരീക്ഷകളി® പങ്കെടുക്കുമ്പോഴേക്കും കോവിഡ് പ്രതിരോധത്തെ ക്കുറിച്ചുള്ള നിരവധി വിവരങ്ങൾ കുട്ടികളിലേക്ക് പകർന്ന് കൊടുക്കാനാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ജൂൺ 10നാണ് ആദ്യ പരീക്ഷ ഓൺലൈനായി നടത്താനുദ്ദേശിക്കുന്നത്. പത്തിന് രാവിലെയുള്ള സംസ്ഥാനതല ഉദ്ഘാടനത്തിന് ശേഷം അന്ന് രാവിലെ 10.30 മുതൽ രാത്രി 10.30 വരെയുള്ള സമയത്ത് എപ്പോൾ വേണമെങ്കിലും ഓൺലൈൻ ലിങ്കിൽ കയറി പരീക്ഷ എഴുതാനാകും. തുടർന്നുള്ള പരീക്ഷകളുടെ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്. ഏറ്റവും മികച്ച പങ്കാളിത്തം ഉറപ്പിക്കുന്ന സി.ഡി.എസിനും ജില്ലകൾക്കും പാരിതോഷികങ്ങൾ നൽകിക്കൊണ്ട് കൂടുതൽ കുട്ടികളെ പരീക്ഷയിലൂടെ ബോധവത്ക്കരിക്കാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. കുട്ടികളെയെല്ലാം ഈ പരീക്ഷകളുടെ ഭാഗമാക്കുമെന്ന് പ്രതീക്ഷിക്കട്ടെ.